അതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. ഉദ്യോഗസ്ഥൻമാർ ശമ്പളം വാങ്ങുന്ന ഏർപ്പാട് മാത്രമായി അത് മാറിയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടോയെന്നു പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, പാലക്കാട് ജില്ലയിൽ ഇപ്പോൾ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചേയുള്ളൂ. അപേക്ഷകരുടെ ബാഹുല്യമാണ് പുതിയ എംപ്ലോയ്മെന്റ് സ്ഥാപിക്കുന്നതിന് മാനദണ്ഡമാക്കുന്നതെന്ന് മന്ത്രി ഇവിടെ പറഞ്ഞു. പാലക്കാട് ജില്ല ഒരു കാർഷിക മേഖലയെന്നുള്ള നിലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. തൊഴിലില്ലാത്തവരുടെ എണ്ണം ധാരാളമാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അപേക്ഷകർ ഇപ്പോഴുള്ള ഒരു പ്രദേശമെന്നുള്ള നിലയിൽ അവിടെ ഷൊർണൂർ കേന്ദ്രമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുറക്കണമെന്ന് നിർദ്ദേശം നിലവിലിരിക്കുന്നു. അത് പരിഗണിച്ചുകൊണ്ട് അടിയന്തിരമായി ഷൊർണൂർ കേന്ദ്രമാക്കി മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകൾ കേന്ദ്രീകരിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഏഴാം പദ്ധതിയിൽ പ്രൊപ്പോസ് ചെയ്യുന്നതിന് ഉണ്ടാക്കിയിട്ടുള്ള 9 എണ്ണത്തിന്റെ ലിസ്റ്റിൽ ഷൊർണൂരും ഒറ്റപ്പാലവുമുണ്ട്.

ഷെഡ്യൂളുകളിലെ അപാകത

* 453 [483] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പല ഡിപ്പോകളിലും യാത്രാത്തിരക്കുള്ള റൂട്ടുകളിൽ വാഹനം ഓടിക്കാതെ യാത്രക്കാർ കുറവുള്ള റൂട്ടുകളിൽ വാഹനം ഓടിക്കുന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത് നിറുത്തി ഇത് റീഷെഡ്യൂൾ ചെയ്ത് യാത്രക്കാർ കൂടുതലുള്ള റൂട്ടുകളിൽ വാഹനം ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: പല ഡിപ്പോകളിലും യാത്രക്കാർ വളരെ നേരം കാത്ത് നിൽക്കുമ്പോൾ യാത്രക്കാരില്ലാത്ത റൂട്ടുകളിൽ ബസ്സോടിക്കുന്നത് വ്യക്തികളുടെ ഇൻറാസ്റ്റ് നിലനിർത്താൻവേണ്ടിയാണെന്നാണ് പറയുന്നത്. വ്യക്തികളുടെ ഇൻറാസ്റ്റല്ല, സമൂഹത്തിന്റെ ഇൻറാസ്റ്റ് കണക്കിലെടുത്ത് ആ വരുമാനമില്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ട് ജനബാഹുല്യമുള്ള സ്ഥലങ്ങളിലേക്ക് വണ്ടി ഓടിക്കാൻവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: അത്തരം ഒരു സംഭവം ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്നാൽ ഞാൻ അത് അന്വേഷിക്കുന്നതും അത്തരം ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായും നടപടികളും സ്വീകരിക്കുന്നതുമാണ്. ഉദ്യോഗസ്ഥൻമാർക്കുവേണ്ടി സർവ്വീസ് നടത്തുന്നുവെന്ന ആരോപണം ശരിയാണെങ്കിൽ കർക്കശമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: മുൻപൊക്കെ വളരെയധികം ജനത്തിരക്കുള്ള സന്ദർഭങ്ങളിൽ ഷെഡ്യൂൾ സമയമല്ലെങ്കിൽപോലും, വാഹനങ്ങൾ അയച്ച് ആളുകളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള ചുമതല ഡി. ടി. ഒ. മാർ നിർവ്വഹിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അത് നിർവ്വഹിക്കുന്നില്ല. അവർക്ക് അതിനുള്ള അധികാരമില്ലെങ്കിൽ അധികാരം കൊടുത്ത് ഈ പ്രത്യേക സാഹചര്യങ്ങളിൽ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻവേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ദേശവൽകൃത റൂട്ടുകളിലും തീരെ തിരക്ക് കുറവുള്ള ചില റൂട്ടുകളിലും യാത്രക്കാരുടെ സൗകര്യാർത്ഥം കോർപ്പറേഷൻ സർവ്വീസ് നടത്തുന്നുണ്ട്. അത് മുഴുവനും ദേശവൽകൃത മേഖലയായതുകൊണ്ട് ഡി. ടി. ഒ. മാർക്ക് ഉണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞുവെന്ന് എനിക്കറിയില്ല; അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ: തിരക്കുള്ള റൂട്ടുകളിലും ഡിപ്പോകളിലും ബസ് കൊടുക്കാതിരിക്കുകയും തിരക്ക് കുറഞ്ഞ റൂട്ടുകളിൽ ബസ് കൊടുക്കുകയും ചെയ്യുന്നത് ഒരു നയമായി സ്വീകരിക്കുന്ന സാഹചര്യത്തിൽ, ആലപ്പുഴപോലുള്ള ദേശസാൽകൃത റൂട്ടിൽ ബോധപൂർവ്വം ബസ് കൊടുക്കാതിരിക്കുന്ന സാഹചര്യത്തിൽ ദേശസാൽകൃത റൂട്ടെന്നുള്ള നയം ഒഴിവാക്കി പ്രൈവറ്റ് ബസ്സിലെങ്കിലും ജനങ്ങൾക്ക് യാത്ര ചെയ്യാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ദയാദാക്ഷിണ്യമുണ്ടാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ആത്മാർത്ഥമായി കെ. എസ്. ആർ. ടി. സി. യുടെ സ്ഥിതിയെക്കുറിച്ച് അറിയാവുന്ന ഒരാളും ഇത്തരം ഒരു പരാമർശം ഈ സഭയിൽ നടത്തുകയില്ല. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ജനത്തിരക്കുള്ള റൂട്ടുകളിൽ ഷെഡ്യൂൾ കുറയ്ക്കുന്നതിൻറെ ഒരു എക്സാമ്പിൾ: പയ്യന്നൂർ എന്ന സ്ഥലത്ത് 58 ഷെഡ്യൂളുണ്ടായിരുന്നത് ഇപ്പോൾ 33 ആയി ചുരുക്കിയിരിക്കുകയാണ്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ട്രാൻസ്പോർട്ട് സ്റേഷനാണ് പയ്യന്നൂർ. ഷെഡ്യൂൾ കുറച്ചതിൻറെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ബസ്സുകൾ കട്ടപ്പുറത്താകുകയും, സ്പെയർ പാർട്ടുകൾ കുറയുകയും ചെയ്തതിൻറെ അടിസ്ഥാനത്തിലാണ് വണ്ടികളുടെ ദൗലഭ്യംമൂലം ഷെഡ്യൂൾ കുറവായി ഓടേണ്ടി വന്നത്. ഇന്ന് ആ പൊസിഷൻ ഇംപ്രൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: ഇന്ന് പല കാരണങ്ങളാലും ഷെഡ്യൂൾ കൃാൻസൽ ചെയ്യേണ്ടി വരുന്നുണ്ട്. അങ്ങനെ കൃാൻസൽ ചെയ്യുമ്പോൾ ഏതെങ്കിലും ഒരു മാനദണ്ഡം നിശ്ചയിച്ച് ചീഫ് ഓഫീസിൽനിന്ന് ഡിപ്പോകൾക്ക് നിർദ്ദേശം കൊടുക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അതിനെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡമുണ്ട്. മൂന്നു കിലോമീറ്റർ ദൂരം ഒരു വാഹനം ഓടിക്കുമ്പോൾ 3.50 പൈസയെങ്കിലും കിട്ടുന്നില്ലെങ്കിൽ ആ വാഹനം ഓടിക്കാൻ യാതൊരു നിർവ്വാഹവുമില്ല. യാത്രത്തിരക്കുള്ള റൂട്ടുകളിൽ പരിഗണന നൽകിയാണ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഡിപ്പോകളിൽ ഷെഡ്യൂൾ തയ്യാറാക്കുന്നത്. ആ ഷെഡ്യൂളുകൾ ചില സന്ദർഭങ്ങളിൽ നമ്മൾ റിവൈസ് ചെയ്യാറുണ്ട്. കാരണം എല്ലാ ദിവസവും ഒരു പോലെ യാത്രക്കാർ ഉണ്ടാകുകയില്ല.....

ശ്രീ. കെ. പങ്കജാക്ഷൻ: ചില ഡിപ്പോകളിൽ ഏതെങ്കിലും ഒരു ബസ് കട്ടപ്പുറത്താകുകയോ, ബസ് പിൻവലിക്കേണ്ടിവരികയോ ചെയ്താൽ ഏറ്റവും കൂടുതൽ ആശ്രിതരുള്ള, കോളേജ് വിദ്യാർത്ഥികളും സ്കൂൾ വിദ്യാർത്ഥികളും ഓഫീസ് ജീവനക്കാരും മറ്റും വളരെ കൂടുതലായി സഞ്ചരിക്കുന്ന റൂട്ടുകളിൽ ഷെഡ്യൂൾ പിൻവലിക്കുന്ന പ്രവണത ഇപ്പോൾ നിലവിലുണ്ട്. കർക്കശമായും അത്തരം നടപടികൾ സ്വീകരിക്കരുതെന്ന് ഡിപ്പോയിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. പി. കെ. വേലായുധൻ: തീർച്ചയായും ഇത്തരം കേസുകളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമാണെന്ന് കണ്ടാൽ നിർദ്ദേശം നൽകുന്നതാണ്.

വ്യാജമദ്യം

* 454 [484] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, എം. ജിനദേവൻ:
,, സി. കെ. തങ്കപ്പൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജവാറും, വ്യാജമദ്യ വിൽപ്പനയും നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, എന്താണെന്ന് വെളിപ്പെടുത്തുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ വ്യാജവാറും വിൽപ്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly